തയ്യാറാക്കിയിട്ടുണ്ട്. പുതിയ ഭരണ സമിതിയുടെ അഞ്ച് വർഷത്തെ കാലാവധിക്കുള്ളിൽ സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ മുഴുവൻ അദ്ധ്യക്ഷന്മാർക്കും സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷന്മാർക്കും ഏറ്റവും കുറഞ്ഞത് 30 ദിവസത്തേയും അംഗങ്ങൾക്ക് 20 ദിവസത്തേയും പരിശീലനം വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി നൽകുന്നതിനുള്ള ദീർഘകാല പദ്ധതിയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പഞ്ചായത്തുകളിലെ പുതുതായി തെരഞ്ഞെടുക്കപ്പെട്ട മുഴുവൻ അദ്ധ്യക്ഷന്മാരും സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷൻമാരും ആദ്യഘട്ട പരിശീലനം ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്ത് രാജ് /നഗരപാലികാ നിയമങ്ങളേയും ചട്ടങ്ങളേയും സംബന്ധിച്ചും മറ്റ് ഭരണ നിർവ്വഹണ നടപടിക്രമങ്ങളെ സംബന്ധിച്ചും വ്യക്തമായ അവബോധം ലഭ്യമാകുന്ന തരത്തിലാണ് പരിശീലന പരിപാടി ആസൂത്രണം ചെയ്തിട്ടുള്ളത്.

ഗ്രാമസഭകളിൽ ജനങ്ങളുടെ പങ്കാളിത്തം

189 (1947) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമസഭകളിലും വാർഡ് സഭകളിലും ജനങ്ങളുടെ പങ്കാളിത്തം ശുഷ്കമാകാനുള്ള കാരണങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഈ പ്രവണത ആവർത്തിക്കാതിരിക്കാനും, പഞ്ചായത്തു സംവിധാനം കാര്യക്ഷമമാക്കാനും എന്തെങ്കിലും പുതിയ നടപടികൾ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വെളിപ്പെടുത്താമോ ;

(സി) കഴിഞ്ഞ പഞ്ചായത്ത് ഭരണ സമിതികളുടെ കാലത്തെ പല നടപടികൾക്കും ഗ്രാമസഭകളുടെ ഭൂരിപക്ഷ പിന്തുണ ഉണ്ടായിരുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ ; വിശദ വിവരം നൽകാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നിർണ്ണായക പ്രാധാന്യമുള്ള ഗ്രാമസഭകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമായിരിക്കുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങൾ 2007-08 വാർഷിക പദ്ധതിയും പതിനൊന്നാം പഞ്ചവത്സര പദ്ധതിയും തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ നൽകിയിട്ടുണ്ട്. ഗ്രാമസഭകളുടെ അധികാരപരിധികൾ ജനങ്ങളുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതിന് പത്രദൃശ്യ മാധ്യമങ്ങളിലൂടെ കാലാകാലങ്ങളിൽ ഇത് സംബന്ധമായ വിവരങ്ങൾ പ്രസിദ്ധപ്പെടുത്താറുണ്ട് കൂടാതെ പഞ്ചായത്തു

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിന്റെ പ്രതിമാസ പ്രസിദ്ധീകരണമായ പഞ്ചായത്ത് രാജ് മാസികയിലും ഈ വിവരം വളരെ പ്രാധാന്യത്തോടെ പ്രസിദ്ധപ്പെടുത്തി വരുന്നുണ്ട് മാധ്യമങ്ങളിലൂടെയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ജനകീയ സംഘടനകൾ തൊഴിൽ വേദികൾ റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ മുഖേനയും കുടുംബശ്രീ സംഘടനാ സംവിധാനത്തിലൂടെ പ്രത്യേകമായും വേണ്ടത്ര പ്രചാരണം നൽകി സ്ത്രീകൾ പട്ടികജാതിക്കാർ, പിന്നോക്കക്കാർ എന്നിവരുടെ പങ്കാളിത്തം ഉറപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമസഭകളിലും വാർഡ് സഭകളിലും ജനങ്ങളുടെ പങ്കാളിത്തം ശുഷ്കമാകുന്നത് ഒഴിവാക്കുവാനും ഗ്രാമസഭായോഗങ്ങൾ കാര്യക്ഷമമാക്കുന്നതിനും വേണ്ടി ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ 2009 നവംബർ മാസത്തിൽ പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനുള്ള സഹായ സംവിധാനമായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനെ ചുമതലപ്പെടുത്തുയിട്ടുമുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നിയമനം

190 (1948) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ എഞ്ചിനീയറിംഗ് വിഭാഗം രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത വിഭാഗത്തിന്റെ സ്റ്റാഫ് പാറ്റേൺ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പല ഗ്രാമപഞ്ചായത്തുകളിലും നിരവധി അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) രൂപീകരിച്ചിട്ടുണ്ട്. സ്റ്റാഫ് പാറ്റേൺ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി&സി) ഉണ്ട്. 222 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി തസ്തികയിലേക്ക് നിയമനത്തിനുള്ള പരീക്ഷ നടന്നു കഴിഞ്ഞിട്ടുണ്ട്. എത്രയും പെട്ടെന്നു തന്നെ തെരഞ്ഞെടുപ്പ് നടപടി പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എല്ലാ ഗ്രാമ പഞ്ചായത്തുകളിലും അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly